## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാചോദ്യം നം. *110**

**30/01/2018 ൽ**
**മറുപടിക്ക്**

## കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

**ചോദ്യം**
**ശ്രീ.വി.ഡി.സതീശൻ**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | കാഷ്യൂ ബോർഡിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതം എത്ര കോടി രൂപയാണ് ; ഇതിൽ എത്ര തുക നാളിതുവരെ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരള കാഷ്യൂ ബോർഡിന്റെ അംഗീകൃത ഓഹരി മൂലധനമായ 50 കോടി രൂപയുടെ 49% മായ 24.5 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. ഇതിൽ നാളിതു വരെ 5 കോടി രൂപ കേരള കാഷ്യൂ ബോർഡിന് അനുവദിച്ചിട്ടുണ്ട്. ബാക്കി 19.5 കോടി രൂപ താമസം കൂടാതെ നൽകുന്നതാണ്. |
| (സി) | വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിന് കാഷ്യൂ ബോർഡ് ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര മെട്രിക് ടൺ കശുവണ്ടി ഏതൊക്കെ രാജ്യങ്ങളിൽ നിന്നും വാങ്ങുന്നതിനാണ് കരാർ ഒപ്പിട്ടിട്ടുള്ളത്; | (സി) | കശുവണ്ടി ഉല്പാദക രാജ്യങ്ങളായ ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാംബിക് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ അംബാസിഡർമാർ, കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിവരുമായി നേരിട്ട് ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കരാറുകൾ ഒപ്പ് വച്ചിട്ടില്ല. ബോർഡ് ഗവൺമെന്റ് ടു ഗവൺമെന്റ് പർച്ചേസ് നടത്താനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും പ്രസ്തുത രാജ്യങ്ങളിൽ ഗവൺമെന്റ് ഏജൻസി നിലവിലില്ലാത്തതിനാൽ അംബാസിഡർമാരുടെ പൂർണ്ണ സഹായത്തോടുകൂടി ഡി) രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

| | | |
|---|---|---|
| (ഡി) | ബോർഡിന് വായ്പ നൽകുന്നതിന് ബാങ്കുകൾ മുന്നോട്ട് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ഡി) കേരള കാഷ്യൂ ബോർഡിന് സർക്കാർ ഉറപ്പിന്മേൽ വായ്പ നൽകാമെന്ന് സമ്മതിച്ച് ബാങ്കുകൾ മുന്നോട്ട് വന്നിട്ടുണ്ട്. ആയത് സംബന്ധിച്ച് ലീഡ് ബാങ്കായ കാനറാ ബാങ്കിന്റെ അദ്ധ്യക്ഷതയിൽ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് ചർച്ചകൾ നടന്നു വരുന്നു. ഗവൺമെന്റ് ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ 200 കോടി രൂപ ലഭ്യമാക്കുമെന്ന് ബാങ്കുകൾ ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ഇ) | കശുവണ്ടി മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കാഷ്യൂ ബോർഡിന്റെ ഇടപെടൽ എത്രമാത്രം സഹായകമായിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (ഇ) കശുവണ്ടി വ്യവസായ മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം തോട്ടണ്ടിയുടെ അമിതവിലയും ന്യായ വിലയ്ക്ക് ആനുപാതികമായി കശുവണ്ടി പ്പരിപ്പിനു വില ലഭിക്കാത്തതുമാണ്. തോട്ടണ്ടി സംഭരിക്കുന്നതിനും പരിപ്പിന് ന്യായ വില ഉറപ്പാക്കുന്നതിനുമാണ് കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.